# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


## ഭയവും പ്രതീക്ഷയും

وَادْعُوهُ خَوْفًا وَطَمَعًا إِنَّ رَحْمَتَ اللَّهِ قَرِيبٌ مِّنَ الْمُحْسِنِينَ (الأعراف: 56)

ഖുർആൻ പറയുന്നു: ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു. (അഅ്റാഫ്: 56)

തന്റെ സ്രഷ്ടാവും ആരാധ്യനുമായവനെ, നരകാഗ്നിയെത്തൊട്ടും അതിലെ ശിക്ഷകളെത്തൊട്ടും ഭയന്നും, സ്വർഗത്തേയും അതിലെ അനുഗ്രഹങ്ങളേയും ആഗ്രഹിച്ചും പ്രാർഥിക്കണമെന്നാണ് അല്ലാഹു തന്റെ അടിമകളോട് കല്പിച്ചിട്ടുള്ളത്. സൂറത്തുൽ ഹിജ്റിൽ അതിങ്ങനെ കാണാം:

نَبِّىءْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ ٭ وَ أَنَّ عَذَابِي هُوَ الْعَذَابُ الأَلِيمَ (الحجر: 49،50)

(നബിയേ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസൻമാരെ വിവരമറിയിക്കുക. എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷ എന്നും (വിവരമറിയിക്കുക.) (ഹിജ്ർ: 49, 50)

പാപകർമ്മങ്ങളിൽ നിന്ന് അകന്നു നിൽക്കാനും, സ്വർഗവും കാരുണ്യവും പ്രതീക്ഷിച്ച് സൽകർമ്മങ്ങളിലും, അല്ലാഹുവിന് തൃപ്തിയുള്ള മറ്റു സകലകാര്യങ്ങളിലും വ്യാപൃതരാകാനും ഒരു ദാസനെ പ്രേരിപ്പിക്കുന്നത് അല്ലാഹുവിലുള്ള ഭയമാണ്.

മുകളിൽ വായിച്ച ആയത്തിൽ നിന്നും വിശ്വാസികൾക്ക് ലഭിക്കുന്ന സുപ്രധാനമായ ചില പാഠങ്ങളുണ്ട്.

1. തന്നെ സൃഷ്ടിച്ച റബ്ബിനോട് മാത്രമേ ഒരു ദാസൻ പ്രാർഥിക്കാവൂ. അവനാണ് തന്റെ പ്രാർഥനകൾ കേട്ട് ഉത്തരം നൽകാൻ പോന്നവൻ.
2. അല്ലാഹുവിനോടല്ലാതെ ദുആ ചെയ്യരുത്. അത് നബിയോടൊ, വലിയ്യിനോടൊ, മലക്കിനോടൊ ആരോടായിരുന്നാലും ശരി. എന്തുകൊണ്ടെന്നാൽ, ദുആ നമസ്കാര ത്തെപ്പോലുള്ള ഇബാദത്താണ്. അത് അല്ലാഹുവിന്നല്ലാതെ അനുവദനീയമല്ല.
3. റബ്ബിന്റെ നരകത്തെ പേടിച്ചും, അവന്റെ സ്വർഗത്തെ മോഹിച്ചുമായിരിക്കണം അവനോട് പ്രാർഥിക്കേണ്ടത്.
4. അല്ലാഹുവിൽ നിന്നുള്ള ശിക്ഷകളെ ഭയന്നോ, അവന്റെ കൈവശമുള്ള അനുഗ്രഹങ്ങളെ പ്രതീക്ഷിച്ചോ അല്ല ഞങ്ങൾ അവനെ ആരാധിക്കുന്നത് എന്ന് ജല്പിക്കുന്ന സൂഫികൾ ക്കുള്ള മറുപടിയാണ് ഈ വചനം. ഭയവും പ്രതീക്ഷയും ഇബാദത്തിന്റെ ഇനങ്ങളിലുൾപ്പെട്ടതാണ്. മനുഷ്യരിലെ അതിവിശ്ഷ്ടരായ പ്രവാചകൻമാരെ പ്രകീർത്തിച്ചു കൊണ്ട് അല്ലാഹു പറയുന്നത് കാണുക:

   തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു. (അമ്പിയാഅ്: 90)
5. എല്ലാ പ്രവർത്തനങ്ങളും നിയ്യത്തിനെ ആസ്പദിച്ചാണിരി ക്കുന്നത് എന്ന നബി വചനത്തെ വിശദീകരിച്ചു കൊണ്ട് ഇമാം നവവി(റ) തന്റെ അർബഊനന്നവവിയ്യയിൽ പറഞ്ഞ അഭിപ്രായങ്ങൾക്കെതിരിലുമാണ് ഈ വചനം. അദ്ദേഹം പ്രസ്തുത ഹദീസിനെ വിശദീകരിക്കവെ പറഞ്ഞു:

   ഒരു പ്രവർത്തനം മൂന്നുതരം നിയ്യത്തോടെയാണ് നിർവഹി ക്കപ്പെടുക:

a. അല്ലാഹുവിൽ നിന്നുള്ള ശിക്ഷയെ ഭയന്ന് കൊണ്ട് ചെയ്യുക; അത് സാധാരണ ഒരു അടിമയുടെ ഇബാദ ത്താണ്.

b. അല്ലാഹുവിൽ നിന്ന് സ്വർഗവും മറ്റു പ്രതിഫലവും പ്രതീക്ഷിച്ചു കൊണ്ട് ചെയ്യുക; അത് ഒരു ബിസിനസ്സു കാരന്റെ ഇബാദത്താണ്.

c. അല്ലാഹുവിനോടുള്ള ലജ്ജയാൽ സാക്ഷാൽ അടിമത്വ ത്തിന്റെ ധർമ്മ നിർവഹണമെന്ന നിലക്ക്, കൃതജ്ഞതാ നിർവഹണമെന്ന നിലക്ക് മാത്രമായി ചെയ്യുക; യഥാർത്ഥത്തിൽ അതാണ് സ്വതന്ത്രമനസ്കരുടെ ഇബാദത്ത്.

ഈ അഭിപ്രായത്തിന് ടിപ്പണിയായിക്കൊണ്ട് മജ്മൂഅത്തുൽ ഹദീഥിന്നജ്ദിയ്യ എന്ന കൃതിയിൽ സയ്യിദ് റശീദ് റിദ(റ) എഴുതി: ഹദീസ് പണ്ഡിതന്മാരിൽ നിന്നും ഭിന്നമായ, സൂഫീ ശൈഖൻമാരുടെ വാക്കുകളോട് തുല്യമാണ് ഈ വിഭജനം. നാടനടിമയുടെ ഇബാദത്ത് -നമ്മളെല്ലാവരും അല്ലാഹുവിന്റെ അടിമകൾ തന്നെ- എന്ന് അദ്ദേഹം വിശേഷിപ്പിച്ച, അല്ലാഹു വിന്റെ ശിക്ഷയെ ഭയന്നുകൊണ്ടുള്ള ഇബാദത്തിനേയും, ബിസിനസുകാരന്റെ ഇബാദത്ത് എന്ന് വിശേഷിപ്പിച്ച, അല്ലാഹുവിന്റെ പ്രതിഫലത്തെ ഭയന്നുകൊണ്ടുള്ള ഇബാദത്തി നേയും യോജിപ്പിച്ചു പറയുന്നതാണ് പൂർണ്ണത. സൂക്ഷ്മമായ നിരീക്ഷണം അതാണ്.

എന്നാൽ ശൈഖ് മുതവല്ലി അശ്ശഅ്റാവീ തന്റെ കൃതികളിൽ നവവി(റ)യുടെ വിശ്വാസത്തെ സ്വീകരിച്ചു കൊണ്ട് എഴുതി യിട്ടുണ്ട്. എന്നു മാത്രമല്ല, ഒരു ടെലിവിഷൻ പ്രോഗ്രാമിൽ തന്റെ എല്ലാ പരിധിയും ലംഘിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു: “തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.” (കഹ്ഫ്: 110) എന്ന ആയത്തിലെ ‘യാതൊന്നിനേയും’ എന്ന പ്രയോഗത്തിൽ സ്വർഗവും ഉൾപ്പെടും. (അതായത്, സ്വർഗം പ്രതീക്ഷിച്ചു കൊണ്ടുള്ള ഇബാദത്ത് ശിർക്കാകുന്നു എന്നർത്ഥം!!)